2026 ജനുവരി 21 ബുധനാഴ്ച ഉച്ചക്ക് 12.30 മണിക്ക് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിലെ സോപാനം ഹാളിൽ വെച്ച് ചേർന്ന കിലയുടെ പതിനഞ്ചാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്.

കില ഗവേർണിംഗ് കൗൺസിൽ ചെയർപേഴ്സണും ബഹു. തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. എം. ബി. രാജേഷ് അധ്യക്ഷത വഹിച്ചു.

ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)

1	ശ്രീ. സേവ്യർ ചിറ്റിലപ്പള്ളി എം.എൽ.എ	മെമ്പർ
2	ശ്രീമതി ടിങ്കു ബിസ്വാൾ ഐ.എ.എസ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്	കൺവീനർ
3	ശ്രീ. ജെറോമിക് ജോർജ്ജ് ഐ.എ.എസ് പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്	മെമ്പർ
4	ശ്രീമതി അപൂർവ്വ ത്രിപാഠി ഐ.എ.എസ് ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയം ഭരണ വകുപ്പ്	മെമ്പർ
5	ശ്രീ. ശ്രീനി. ജി അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.	മെമ്പർ
6	ശ്രീ. ഷാജി. ടി. എസ് അണ്ടർ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്	

7 ശ്രീ. ബി. പി. മുരളി,

പ്രസിഡണ്ട്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ — മെമ്പർ

8 ശ്രീ. വിജു മോഹൻ. വി

പ്രതിനിധി, കേരള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ — മെമ്പർ

9 ശ്രീ. നിസാമുദ്ദീൻ.എ, ഐ.എ.എസ്

ഡയറക്ടർ ജനറൽ, കില — മെമ്പർ

തീരുമാനങ്ങൾ

ഐറ്റം നമ്പർ 01 :

2025 മെയ് 28 ന് ബുധനാഴ്ച രാവിലെ 11.30 മണിക്ക് ബഹു തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ സെക്രട്ടേറിയേറ്റ് അനക്സ് 2 ലയം ഹാളിൽ വെച്ച് കൂടിയ കിലയുടെ പതിനാലാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കൽ.

തീരുമാനം :

അംഗീകരിച്ചു

ഐറ്റം നമ്പർ 02 :

മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിൽ എടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ.

മുൻ ഗവേർണിംഗ് കൗൺസിൽ യോഗ തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികൾ കില ഡയറക്ടർ ജനറൽ യോഗത്തിൽ അവതരിപ്പിച്ചു

തീരുമാനം :

മുൻ ഗവർണിങ് കൗൺസിൽ യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ കമ്മിറ്റി വിലയിരുത്തി തൃപ്തി രേഖപ്പെടുത്തി.

a. കില കോളേജ് ഓഫ് ഡീസെൻട്രലൈസേഷൻ ആൻറ് ലോക്കൽ

ഗവേണൻസിന്റെ കെട്ടിട നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്ന് ഫണ്ട് ലഭിക്കുന്നതിനായി സർക്കാരിൽ നിന്ന് തീയതിയിലെ നമ്പർ കത്തിൽ ആവശ്യപ്പെട്ട പ്രകാരം പ്രൊപോസൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.

b. MEA, MHA ക്ലിയറൻസ് ലഭിക്കുന്ന മുറക്ക് **UN University's Comparative Regional Integration Studies (UNU-CRIS)** മായി എത്രയും വേഗം എം.ഒ.യു ഒപ്പുവെക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

ഐറ്റം നമ്പർ 03 :

2024-25 വർഷത്തെ വരവ് ചെലവ് കണക്കും ഓഡിറ്റ് റിപ്പോർട്ടും അംഗീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം :

അംഗീകരിച്ചു.

ഐറ്റം നമ്പർ 04 :

2025-26 വർഷത്തെ ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്

തീരുമാനം :

2025-26 വർഷത്തെ ഓഡിറ്ററായി **M/s. Sasi Vijayan & Rajan** ചാർട്ടേഡ് അക്കൗണ്ടന്റിന്റെ നിയമനം അംഗീകരിച്ചു

ഐറ്റം നമ്പർ 05 :

കിലയുടെ **01.04.2020** മുതൽ **31.03.2025** വരെയുള്ള കാലയളവിലെ കണക്കുകളുടെ ഓഡിറ്റ് അക്കൌണ്ടൻറ് ജനറൽ പൂർത്തീകരിച്ചത് സംബന്ധിച്ച്

തീരുമാനം :

അംഗീകരിച്ചു.

ഐറ്റം നമ്പർ 06 :

കില കിഫ്ബി പ്രോജ്കട് – **2025-26** വർഷത്തെ പദ്ധതി നിർവ്വഹണം – സംബന്ധിച്ച്

തീരുമാനം :

a. പൊതുവിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി കിഫ്ബി മുഖേന നടത്തുന്ന കിലയുടെ പ്രവർത്തനങ്ങളിൽ കൈവരിച്ച പുരോഗതിയിൽ

ഗവേർണിംഗ് കൗൺസിൽ സംതൃപ്തി രേഖപ്പെടുത്തി.

b. നിർമ്മാണം പൂർത്തീകരിച്ചു ഉൽഘാടനത്തിന് സജ്ജമായ സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിന് ചെയർപേഴ്സൺ നിർദ്ദേശിച്ചു.

ഐറ്റം നമ്പർ 07 :

കില സി.എച്ച്.ആർ.ഡിയിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തു വരവെ 18.06.2024 ന് മരണപ്പെട്ട ശ്രീ. രാജേഷ് ബാബുവിന്റെ മരണാനന്തര ആനുകൂല്യത്തിൽ ഉൾപ്പെടുന്ന ഗ്രാറ്റുവിറ്റി തുക നോമിനിക്ക് അനുവദിക്കുന്നത് സംബന്ധിച്ച്

തീരുമാനം :

01.04.2013 ശേഷം ജോലിയിൽ പ്രവേശിച്ചവരുടെ പേരിലുള്ള ഗ്രാറ്റുവിറ്റി ഗ്യാപ് ലയബിലിറ്റി സംബന്ധിച്ച തീരുമാനം സർക്കാരിൽ നിന്ന് ലഭിക്കുന്ന മുറക്ക് ആയത് ഒടുക്കണം എന്ന വ്യവസ്ഥയിൽ ഈ വിഷയം പ്രത്യേക കേസ് ആയി കൂടി പരിഗണിച്ചു സർവ്വീസിലിരിക്കെ മരണപ്പെട്ട ശ്രീ. രാജേഷ് ബാബു നു മരണാനന്തര ആനുകൂല്യത്തിൽ ഉൾപ്പെടുന്ന ഗ്രാറ്റുവിറ്റി തുക ടിയാന്റെ അനന്തരാവകാശിക്ക് കിലയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി.

ഐറ്റം നമ്പർ 08 :

കിലയുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച്

തീരുമാനം :

a. കില വികസനത്തിന് കണ്ടെത്തിയിട്ടുള്ള ഭൂമി നെഗോഷിയേറ്റഡ് പർച്ചേയ്സ് മുഖേന വാങ്ങുന്നതിന് സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറക്ക്, സർക്കാർ നിബന്ധനകൾക്ക് വിധേയമായി, എത്രയും വേഗം തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

b. ജില്ല കളക്ടറുടെ വർക്ക് ഡെപ്പോസിറ്റിൽ അടവാക്കിയ 12,84,00,000/- രൂപയിൽ നിന്ന് തിരികെ ലഭിച്ചു കിലയുടെ STSB അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 9,70,46,068 രൂപ കില വികസനത്തിന് കണ്ടെത്തിയിട്ടുള്ള ഭൂമി വാങ്ങുന്ന നടപടികളുടെ ആദ്യഘട്ടത്തിൽ ഉപയോഗിക്കുന്നതിന് തീരുമാനിച്ചു.

c. നിലവിൽ STSB അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 9,70,46,068 രൂപ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ കിലയുടെ പേരിൽ ട്രഷറിയിൽ സ്ഥിര നിക്ഷേപമായി മാറ്റുന്നതിന് അനുമതി തേടി നൽകിയ പ്രൊപോസലിന്

ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കാത്ത സാഹചര്യം വന്നാൽ ടി തുക പലിശ രഹിത നിക്ഷേപമായി ട്രഷറിയിൽ നിക്ഷേപിക്കുന്നതിനുള്ള സാധ്യത കൂടി സർക്കാരിൽ നിന്ന് തേടുന്നതിന് തീരുമാനിച്ചു.

ഐറ്റം നമ്പർ 09 :

കിലയിൽ അക്കാഡമിക്ക് ലീഡ് നിയമനം

തീരുമാനം:

a. കിലയുടെ പ്രവർത്തനങ്ങൾക്ക് അക്കാദമിക് ആഴം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അക്കാദമിക് പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്യുന്നതിനും, ഗവേഷണങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും ദേശീയ-അന്തർദേശീയ സർവകലാശാലകൾ, ഗവേഷണ സ്ഥാപന ങ്ങൾ എന്നിവയുമായി അക്കാദമിക ഇടപെടൽ നടത്തുന്നതിനും ഒരു അക്കാദമിക് ലീഡിനെ താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനിച്ചു.

b. അനുയോജ്യനായ അക്കാദമിക് ലീഡിനെ കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, മെമ്പർ, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവരടങ്ങുന്ന സെർച്ച് & സെലെക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു. യോഗ്യത, വേതനം തുടങ്ങിയവ കൂടി നിശ്ചയിക്കുന്നതിനും ടി കമ്മിറ്റിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

ഐറ്റം നമ്പർ 10 :

അധ്യക്ഷൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ

കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾക്കായി കിലയുടെ നേതൃത്വത്തിൽ നടത്തിയ പഠന സന്ദർശനവുമായി ബന്ധപ്പെട്ട് കില തളിപ്പറമ്പ ക്യാമ്പസിലെ ലക്ചറർ ശ്രീ. ശിവപ്രസാദിൽ ഈടാക്കുന്നതിനായി തീരുമാനിച്ച തുക ടിയാന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴുവാക്കി നൽകണമെന്നും ടി തുക ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷനുകളെ സഹായിക്കുന്നതിനായി കിലയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയിൽ നിന്ന് കണ്ടെത്തണമെന്നും കൗൺസിൽ അംഗം ശ്രീ. ബി. പി. മുരളി പ്രസിഡണ്ട്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ) ആവശ്യപ്പെട്ടു. നിലവിലെ സാഹചര്യം കില ഡയറക്ടർ ജനറൽ വിശദീകരിച്ചു. 23.01.2025 ൽ ചേർന്ന കിലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മേലിൽ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അധികം ചെലവായ തുകയുടെ 50% അംഗീകരിച്ചു നൽകിയിട്ടുണ്ടെന്ന് ഡയറക്ടർ ജനറൽ അറിയിച്ചു.

തീരുമാനം:

ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷനുകളെ സഹായിക്കുന്നതിനായി കിലയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയിൽ നിന്ന് അധികം ചെലവായ തുകയുടെ ബാക്കി തുക കൂടി കണ്ടെത്തത്തി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

യോഗം **1.30 PM** ന് അവസാനിച്ചു

M B RAJESH

MINISTER &

ചെയർപേഴ്സൺ, കില ഗവേർണിംഗ് കൗൺസിൽ